# പ്രമുഖ ശാസ്ത്രജ്ഞനുമായി സംവാദം; ബഹിരാകാശത്തെ അറിഞ്ഞ് വയനാട്ടിലെ ബാലസഭാ കുട്ടികൾ

ബഹിരാകാശത്തെ കുറിച്ച് കുട്ടികളുടെ ആകാംക്ഷ മുറ്റിയ ചോദ്യങ്ങൾ, അതിനെല്ലാം തന്റെ പരിചയസമ്പത്തിന്റെ പിൻബലത്തിൽ ഉത്തരങ്ങൾ നൽകി പ്രമുഖ ശാസ്ത്രജ്ഞനും. ലോക്ക് ഡൗൺ കാലയളവിൽ വയനാട് കുടുംബശ്രീ ടീം ബാലസഭ അംഗങ്ങളായ കുട്ടികൾക്ക് വേണ്ടി സംഘടിപ്പിച്ച ബഹിരാകാശ ശാസ്ത്രജ്ഞനുമായുള്ള സംവാദം സമ്മാനിച്ചത് ഇങ്ങനെ ഏറെ വ്യത്യസ്തമായ അനുഭവം.

ഐ.എസ്.ആർ.ഒ.യിൽ നിന്ന് വിരമിച്ച ശാസ്ത്രജ്ഞനും നിരവധി ശാസ്ത്രഗ്രന്ഥങ്ങളുടെ രചയിതാവുമായ പി.എം. സിദ്ധാർത്ഥനുമായാണ് കുട്ടികൾ ഫോൺ വഴി സംവദിച്ചത്. ഇന്ന് (മേയ് 18) സംഘടിപ്പിച്ച സംവാദ പരിപാടിയിൽ 50 ബാലസഭാ കുട്ടികൾ പങ്കെടുത്തു. കുട്ടികളിലെ ശാസ്ത്ര അഭിരുചി വളർത്താനായി ജില്ലാമിഷൻ ആരംഭിച്ച ബാലസഭ ഗലീലിയോ പദ്ധതിയുടെ ഭാഗമായാണ് ഈ പ്രവർത്തനം നടത്തിയത്. ബാലസഭാ കുട്ടികൾക്കുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി മേയ് പത്തിന് 'പറക്കാം നമുക്ക് ബഹിരാകാശത്തേക്ക്' എന്ന പേരിൽ ബഹിരാകാശ യാത്രയേയും ബഹിരാകാശ ജീവിതത്തേയും അടിസ്ഥാനമാക്കി വീഡിയോ ക്ലാസ് നൽകിയിരുന്നു. യൂട്യൂബിൽ ഈ വീഡിയോ പോസ്റ്റ് ചെയ്തതിന് ശേഷം ബാലസഭാ കുട്ടികൾക്കായുള്ള വാട്സ്ആപ്പ് ഗ്രൂപ്പിൽ  അതിന്റെ ലിങ്ക് നൽകുകയാണ് ചെയ്തത്. 397 ബാലസഭാ കുട്ടികൾ ഈ ക്ലാസ്സ് കണ്ടു.

ഈ ക്ലാസ്സ് കണ്ടതിന് ശേഷം ബഹിരാകാശ വിഷയവുമായി ബന്ധപ്പെട്ട് കുട്ടികൾ അറിയാനാഗ്രഹിക്കുന്ന വിഷയങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾ ജില്ലാമിഷനിലേക്ക് അയച്ച് നൽകാൻ നിർദ്ദേശിച്ചിരുന്നു. ഇത്തരത്തിൽ 194 കുട്ടികൾ വിവിധ ചോദ്യങ്ങൾ അയച്ചു. ഇതിൽ നിന്ന് മികച്ച 50 ചോദ്യങ്ങൾ തെരഞ്ഞെടുക്കുകയും ഈ കുട്ടികൾക്ക് ശാസ്ത്രജ്ഞനുമായി സംവദിക്കാൻ അവസരമൊരുക്കുകയുമായിരുന്നു. കുട്ടികളുടെ ചോദ്യങ്ങൾക്കുള്ള ഉത്തരം വാട്സ്ആപ്പ് മുഖേന നൽകിയിരുന്നെങ്കിലും നേരിട്ട് സംസാരിക്കാനുള്ള അവസരമൊരുക്കണമെന്ന കുട്ടികളുടെ ആവശ്യപ്രകാരമായിരുന്നു സംവാദമൊരുക്കിയത്. രാവിലെ 11 മണി മുതലായിരുന്നു സംവാദം. മറ്റ് കുട്ടികൾക്കും വരും ദിവസങ്ങളിൽ ഇതേ രീതിയിൽ സംവാദത്തിനുള്ള അവസരമൊരുക്കും.